(സി) എ.പി.ഡി.ആർ.പി. പ്രകാരം പദ്ധതിപ്രദേശത്ത് പുതിയതായി 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയ തരത്തിലുള്ള മീറ്ററുകൾ മുഴുവൻ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ച് മീറ്റർ റീഡിംഗിന്റെ കൃത്യത കൂടുതൽ ഉറപ്പ് വരുത്തൽ, സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമർ സ്റ്റേഷനുകളും നവീകരിക്കൽ, കപ്പാസിറ്റർ സ്ഥാപിക്കൽ, കംപ്യൂട്ടർവൽക്കരണം മുതലായവയാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. എല്ലാ ജില്ലകളിലേക്കും.

ചാർജ്ജ് വർദ്ധനയുടെ മാനദണ്ഡം

6 (2284) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി താരിഫ് വർദ്ധനവ് സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷങ്ങളിലെ നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒന്നു മുതൽ ആയിരം യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ ഒടുക്കേണ്ട താരിഫ് സംബന്ധിച്ച് വിശദീകരണം നൽകുമോ ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷകാലയളവിൽ രണ്ട് പ്രാവശ്യം ഇലക്ട്രിസിറ്റി താരിഫ് വർദ്ധിപ്പിച്ചിട്ടുണ്ട്. 10-8-2001-ൽ 25% വർദ്ധനവും 1-10-2002-ൽ ശരാശരി 20% വർദ്ധനവുമാണ് വരുത്തിയിട്ടുള്ളത്.

(ബി) ഒന്നു മുതൽ ആയിരം യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ പ്രതിമാസം ഒടുക്കേണ്ട താരിഫ് ചുവടെ ചേർക്കുന്നു.

യൂണിറ്റ്	നിരക്ക് (പൈസ/യൂണിറ്റ്)
1-40	115
41-80	100
81-120	240
121-150	300
151-200	365
201-300	430
301-500	530
501-ന് മുകളിൽ	545

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമാസം ആയിരം യൂണിറ്റ് ഉപയോഗിക്കുന്നവർ ആകെ 4705.50 രൂപ ഒടുക്കണം. ഇത് കൂടാതെ 1-10-2002-ന് മുമ്പ് വരെ നിലവിലുണ്ടായിരുന്ന യൂണിറ്റ് നിരക്ക് അനുസരിച്ചുള്ള തുകയുടെ 10% ഡ്യൂട്ടി ആയും മീറ്റർ റെന്റും ഓരോ ഉപഭോക്താവും നൽകേണ്ടതായിട്ടുണ്ട്. 1-10-2002 മുതൽ നിലവിൽ വന്ന വർദ്ധനവിന് ഡ്യൂട്ടി ബാധകമല്ല.

(സി) വൈദ്യുതി ഉല്പാദന പ്രസരണ-വിതരണ മേഖലകളിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ വിലയിലെ വർദ്ധനവ്, വായ്പകൾക്ക് കൊടുക്കേണ്ടിവരുന്ന പലിശ, എൻ.ടി.പി.സി. നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, ന്യൂക്ലിയർ പവർ കോർപ്പറേഷൻ എന്നിവയിൽ നിന്നും വാങ്ങുന്ന താപവൈദ്യുതി, കായംകുളം, ജി.എസ്.ഇ.എസ്. തുടങ്ങിയ കേരളത്തിലെ ഉല്പാദന നിലയങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്ന വില കൂടിയ താപവൈദ്യുതി, പവർഗ്രിഡ് കോർപ്പറേഷന് കൊടുക്കേണ്ടി വരുന്ന കൂടിയ വീലിംഗ് ചാർജ്, ബി.ഡി.പി.പി., കെ.ഡി.പി.പി. എന്നീ ഉല്പാദന കേന്ദ്രങ്ങളിലേക്ക് വാങ്ങേണ്ടി വരുന്ന ഇന്ധനത്തിന്റെ ചെലവിലുണ്ടായ വർദ്ധനവ്, കാലവർഷത്തിന്റെ അഭാവം മൂലം വില കൂടിയ താപവൈദ്യുതിയെ കൂടുതലായി ആശ്രയിക്കേണ്ടി വന്നത് എന്നിവയൊക്കെ വൈദ്യുതി ബോർഡിന്റെ ചെലവ് വരവിനെക്കാൾ കൂടുതലായി. ഇവ തമ്മിലുള്ള അന്തരം കുറച്ച് ബോർഡിന്റെ വൻ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുവാൻ വേണ്ടിയാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കേണ്ടി വന്നത്.

ബി.എസ്.ഇ.എസ്. വൈദ്യുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി ചാർജ്

7 (2285) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എസ്.ഇ.എസ്. വൈദ്യുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ ഫിക്സഡ് ചാർജ് എത്ര രൂപയാണ് ;

(ബി) പദ്ധതിയുടെ ഡേറ്റ് ഓഫ് കമ്മിഷനിംഗ് എന്താണ് ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിത ശേഷിയാണ് പദ്ധതിക്കുള്ളത് ;

(ഡി) വൈദ്യുത നിലയത്തിന്റെ ഇപ്പോഴത്തെ പ്രധാന ഓഹരി ഉടമ ആരാണ് ;

(ഇ) ബി.എസ്.ഇ.എസ്.-ന്റെ മുൻചെയർമാനും ഇപ്പോഴത്തെ കേന്ദ്രപവർ സെക്രട്ടറിയും ഒരാൾ തന്നെയാണോ ?

LIBRARY ARCHIVES Kerala Legislative Assembly